## സർവ്വശക്തനായി സാരാംശസമ്പൂർണ്ണനായി സ്വയംഭൂവായിരിക്കുന്ന നിത്യന്റെ തിരുനാമത്തിൽ തനിക്കു സ്തുതി. അന്ത്യോക്യായുടേയും കിഴക്കൊക്കെയുടേയും ശ്ലൈഹിക സിംഹാസനത്തിന്റെ ഇഗ്നാത്യോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ്.

( ൪൩ )

നമ്മുടെ വാത്സല്യഭാജനങ്ങളും അഭിവന്ദ്യ മേല്പട്ടക്കാരുമായ ശ്ലൈഹിക സിംഹാസനപ്രതിനിധി മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്കും, മലങ്കരയുടെ മാർ അത്താനാസ്യോസ് പൗലോസ് മെത്രാപ്പോലീത്തായ്ക്കും, കോട്ടയത്തിന്റെയും അതിനോടുചേർന്ന നിരണം, തുമ്പമൺ, കൊല്ലം ഇടവകകളുടെയും മാർ ദീവന്നാസ്യോസ് മിഖായേൽ മെത്രാപ്പോലീത്തായ്ക്കും, അങ്കമാലി ഇടവകയുടെ സഹായകൻ മാർ ഗ്രീഗോറിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്തായ്ക്കും, കൊച്ചി ഇടവകയുടെ മാർ സേവേറിയോസ് പൗലൂസ് മെത്രാപ്പോലീത്തായ്ക്കും, ക്നാനായ ഇടവകയുടെ മാർ ക്ലീമീസ് അബ്രാഹാം മെത്രാപ്പോലീത്തായ്ക്കും, കണ്ടനാട് ഇടവകയുടെ മാർ പീലക്സീനോസ് പൗലൂസ് മെത്രാപ്പോലീത്തായ്ക്കും, നമ്മുടെ ആത്മീയ മക്കളായ ബഹുമാനപ്പെട്ട കോറെപ്പിസ്കോപ്പന്മാർ, കശ്ശീശന്മാർ, ശെമ്മാശ്ശന്മാർ എന്നിവർക്കും ഇന്ത്യയിലും മലങ്കരയിലുമുള്ള സത്യവിശ്വാസികളായ എല്ലാ സുറിയാനിക്കാർക്കും, ശ്ലൈഹിക വാഴ്വുകളും, പൈതൃകപ്രാർത്ഥനകളും ഉണ്ടായിരിക്കട്ടെ.

ശ്ലൈഹിക സിംഹാസനം നിങ്ങളുടെ ആത്മീയജീവിത നടപടികളെക്കുറിച്ചു ജാഗ്രതയോടെ ശ്രദ്ധിച്ചുകൊണ്ടിരിക്കയും നിങ്ങളുടെ സൃഷ്ടിപരമായ കാര്യങ്ങൾക്കു ഉതകുന്ന, വിശിഷ്യാ നിങ്ങളുടെ ആത്മാക്കളുടെ രക്ഷക്കു് പ്രയോജകീഭവിക്കുന്ന, കാര്യങ്ങളിൽ പ്രയത്നിച്ചുകൊണ്ടിരിക്കയും ചെയ്യവേ, കഴിഞ്ഞ ചിങ്ങമാസം 24-ാം തീയതി, മേല്പട്ടക്കാരുടെ ഒരു പൊതു അപേക്ഷ നമുക്കു സമർപ്പിക്കപ്പെട്ടു. പലപ്പോഴായി നമുക്കു ലഭിച്ചിട്ടുള്ള എഴുത്തുകുത്തുകൾക്കു പുറമേ പ്രസ്തുത അപേക്ഷയിൽ, നാല്പതുനോമ്പ് (വലിയനോമ്പ്) എപ്പോഴും നിങ്ങളുടെ രാജ്യത്തു് ചൂടേറിയ വേനൽക്കാലത്തു വന്നുചേരുന്നു എന്നും, നിങ്ങളുടെ രാജ്യത്തുള്ള നോമ്പുകാലഭക്ഷണപദാർത്ഥങ്ങളുടെ ദൗർലഭ്യം നിമിത്തവും, വിശ്വാസത്തിന്റെ ബലഹീനതകൊണ്ടും, ഭൂരിഭാഗം ജനങ്ങളും നോമ്പു ലംഘിക്കുവാൻ നിർബന്ധിതരായി തീരുന്നുവെന്നും വിശദമാക്കുകയും, മത്സ്യം, പാൽ, തൈരു്, മുട്ട എന്നിവ ഭക്ഷിക്കുന്നതിനു പൊതു അനുവാദം നൽകപ്പെടണമെന്നു്, ശ്ലൈഹിക സിംഹാസനത്തോടു് അപേക്ഷിക്കുകയും ചെയ്തിരുന്നു. നമ്മുടെ പുത്രനായ കണ്ടനാട് ഇടവകയുടെ അഭിനവ മെത്രാനും, അദ്ദേഹത്തിന്റെ സ്ഥാനാഭിഷേകത്തിനുശേഷം ഇക്കാര്യത്തിൽ നിങ്ങളോടു യോജിച്ചു.

എല്ലാ കാര്യങ്ങളും ജാഗ്രതയോടെ നിങ്ങൾക്കു നടത്തിത്തരുവാനും, നമ്മെക്കൊണ്ടു കഴിവുള്ളിടത്തോളം പരിശുദ്ധസഭയുടെ കാനോനാകളെ സംരക്ഷിക്കാനും, ഈ സമാധാനത്തൊഴുത്തിന്റെ പരിധിയിൽനിന്നു വിശ്വാസികളിൽ ഒരുവൻപോലും നഷ്ടപ്പെടാതിരിക്കാനുമായി മിക്ക സ്ഥലങ്ങളിലും ആത്മീയവൈരാഗ്യം തണുത്തും, കഴിഞ്ഞ തലമുറകളിലെ പൂർവ്വപിതാക്കന്മാരുടെ തീക്ഷ്ണത നാമാവശേഷമായും തീർന്നിരിക്കുന്ന ഈ കാലത്തിന്റെ താറുമാറായ അവസ്ഥയെ നാം വഴിയാംവണ്ണം ഗ്രഹിച്ചുകൊണ്ടു് ഇതുപോലുള്ള ആവശ്യത്തിനായി ആറുകൊല്ലം മുമ്പ് ഹോംസിൽവച്ചു കൂടിയ മൂന്നാം സുന്നഹദോസിൽ യൽദോ (ജനനപ്പെരുനാൾ) നോമ്പിലും ശ്ലീഹാ നോമ്പിലും, ദൈവമാതാവിന്റെ നോമ്പിലും ഏതാനും ദിവസങ്ങൾ കുറവുചെയ്യുവാൻ നാം നിർബന്ധിതനായിത്തീർന്നു. ഇപ്പോഴാകട്ടെ ഈ ആവശ്യമനുസരിച്ച് കരുണാപുരസ്സരവും, കൂടുതൽ മനുഷ്യസ്നേഹത്തോടുകൂടെയും, കാലത്തിന്റെ പ്രയാസത്തിനനുസരണമായും നിങ്ങളോടു നാം പെരുമാറിക്കൊണ്ടു് നമ്മുടെ ശ്ലീഹായ്ക്കടുത്ത അധികാരത്തിൽ നാം ഇപ്രകാരം തീരുമാനിച്ചു സ്ഥിരപ്പെടുത്തുന്നു:-

നാല്പതു നോമ്പാകുന്ന വലിയനോമ്പ് മേലാൽ നിങ്ങളുടെ എല്ലാ ഇടവകകളിലും താഴെ വരുന്നപ്രകാരം ആചരിച്ചുകൊള്ളണം. നോമ്പിന്റെ ആദ്യ ആഴ്ചയും കഷ്ടാനുഭവത്തിന്റേതാകുന്ന അവസാന ആഴ്ചയും മുൻ നിയമമനുസരിച്ച് ആചരിച്ചുകൊള്ളണം. ബുധനാഴ്ച, വെള്ളിയാഴ്ച എന്നീ ദിവസങ്ങളും അതുപോലെതന്നെ ആയിരിക്കണം. ബാക്കി ദിവസങ്ങളിൽ മത്സ്യം, പാൽ, തൈര്, ചീസ് (പാൽക്കട്ട) മുട്ട എന്നീ ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗിക്കാൻ നാം അനുവദിച്ചിരിക്കുന്നു. എന്നാൽ ഈ അനുവാദവും തീരുമാനവും ശ്ലൈഹികമായി നാം സ്ഥിരപ്പെടുത്തിയിരിക്കുന്നു. സഭാമക്കൾ ഏവർക്കും നാം താഴെക്കൊടുക്കുന്ന പൊതുകല്പന നൽകിക്കൊള്ളുന്നു:— മേലാൽ യാതൊരുത്തരും തന്നിഷ്ടപ്രകാരം അകാരണമായി നോമ്പിനെ ലംഘിക്കുവാൻ അശേഷം അനുവാദമില്ല. കരുണയോടുകൂടിയ ഈ നടപടിയെ സർവ വൈദികന്മാരും, ജനങ്ങളും അതിസൂക്ഷ്മതയോടെ കാത്തുകൊള്ളണം. ഹൃദയംഗമമായ അനുസരണത്തോടെ എല്ലാവരും ഇതിനെ ബഹുമാനിക്കയും വേണം.

വീണ്ടും; കലണ്ടറിനെ (പഞ്ചാംഗം) സംബന്ധിച്ച് അതായത് തീയതികളുടെയും, പെരുനാളുകളുടെയും കണക്കിനെക്കുറിച്ച്-കുറെ സംവത്സരങ്ങളായി ഞങ്ങളുടെ രാജ്യത്ത് അനേകരും ചിന്തിക്കുകയും ഏതാനും സ്ഥലങ്ങൾ ഒഴികെ മിക്കവാറും ലോകമൊട്ടാകെ പ്രചാരത്തിലിരിക്കുന്ന എന്ന കാരണത്താൽ "പാശ്ചാത്യം" എന്നു പറയപ്പെടുന്ന ആ കണക്കിനോട് ഇതിനെ യോജിപ്പിക്കണമെന്ന് അവർ അപേക്ഷിക്കയും ചെയ്തിരുന്നു. 1946-ാമാണ്ട് അവസാനത്തിൽ ഹോംസിൽ കൂടിയ മൂന്നാം സുന്നഹദോസിൽതന്നെ ശ്ലൈഹിക സിംഹാസനം ഈ വിഷയം ചർച്ചചെയ്യുകയും മലങ്കരെയുള്ള എല്ലാ വാത്സല്യമേല്പട്ടക്കാരുടെയും അഭിപ്രായം ഈ കണക്ക് സ്വീകരിക്കുന്ന വിഷയത്തിൽ യോജിച്ചിരിക്കുന്നതായി അവർ നമുക്ക് എഴുതിയ മറുപടിയാൽ വ്യക്തമാകയും ചെയ്തിരിക്കുന്നതിനാൽ ഇതിനും നാം അനുമതി നൽകിയിരിക്കുന്നു.

കാലത്തിന്റെ ആവശ്യകതയനുസരിച്ച നാം ആജ്ഞാപിക്കുന്നതു്, അടുത്തുവരുന്ന യൽദോ നോമ്പ് (ജനനപ്പെരുനാൾ നോമ്പ്) പാശ്ചാത്യസഭകളുടെ ധനുമാസം (ഡിസംബർ) പതിനഞ്ചാം തീയതി (പൗരസ്ത്യ ധനു 2-ാംതീയതി-സുറിയാനി കണക്കിന്) നിങ്ങൾ ആരംഭിച്ചുകൊള്ളണം എന്നാണ്. മേലാലും പാശ്ചാത്യകണക്ക് നിങ്ങൾ അംഗീകരിച്ചുകൊള്ളണം. സഭയുടെ എല്ലാ നോമ്പുകളും, പെരുനാളുകളും നിങ്ങൾ അതുപോലെതന്നെ ആചരിച്ചുകൊള്ളണം. ക്യംതാ (ഉയിർപ്പ്) പെരുനാൾ തുടങ്ങിയവയും ഈ കണക്കനുസരിച്ച് ആചരിച്ചുകൊള്ളണം. നിങ്ങൾ എല്ലാവരും ഇപ്രകാരം ഗ്രഹിച്ചു പ്രവർത്തിച്ചുകൊള്ളുവിൻ. ഉത്തമമായ കർതൃഭക്തിയിൽ കർത്താവ് നിങ്ങളെ എല്ലാവരേയും കാത്തുകൊള്ളുമാറാകട്ടെ. പരിശുദ്ധ സഭയ്ക്കു നിങ്ങൾ സർവ്വദാ അനുസരണമുള്ളവരായിരിപ്പിൻ. കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

സിറിയായിൽ ഹോംസിലുള്ള നമ്മുടെ അരമനയിൽനിന്ന്.

ക്രിസ്താബ്ദം 1952 വൃശ്ചികം 5—ാം തീയതി.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ ഇത്യാദി

(ശരിതർജമ)

വി: പാത്രിയർക്കീസ് ബാവാ തിരുമനസ്സിൽനിന്നും കരുണാപുരസ്സരം അയച്ചിരിക്കുന്ന ഈ കല്പനയനുസരിച്ച് മേലാൽ ജനുവരി 1-ാംതീയതി സുറിയാനിക്കണക്കിലും മകരം 1-ാംതീയതി ആയി ഗണിച്ച് എല്ലാ പെരുന്നാളുകളുടെ തീയതികളും അതനുസരിച്ച് ആചരിച്ചുകൊള്ളണമെന്നുള്ള കാര്യം പ്രത്യേകം നിങ്ങൾക്കറിവായിരിക്കണം.

മലങ്കരയുടെ പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ.

1952 ഡിസംബർ 2-ാംനു-

ആലുവാ തൃക്കുന്നത്ത് സിമ്മനാരിയിൽനിന്നും

[illegible]